<u>**15 -ാം കേരള നിയമസഭ**</u>

<u>**9 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2865**</u> <u>**14-09-2023 - ൽ മറുപടിയ്ക്ക്**</u>

<u>**വൈദ്യുതി ലൈൻ തട്ടിയുള്ള അപകട മരണത്തെ തുടർന്ന് കെ.എസ്.ഇ.ബി.യിൽ നിന്ന് ധനസഹായം ലഭ്യമാക്കുന്നത്**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ തൊണ്ടർനാട് വച്ച് 11 കെ.വി. വൈദ്യുതി ലൈൻ തട്ടി ഷോക്കേറ്റ് മരണപ്പെട്ട അബ്ദുൾ ജബ്ബാർ എൻ.കെ. എന്നയാളുടെ വിധവ ഫാസില പി., കെ. എസ്. ഇ. ബി. യിൽ നിന്ന് ധനസഹായം ലഭ്യമാക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ; | (എ) | വയനാട് ജില്ലയിൽ 11 കെ.വി വൈദ്യുതി ലൈൻ തട്ടി ഷോക്കേറ്റ് മരണപ്പെട്ട അബ്ദുൾ ജബ്ബാറിന്റെ അനന്തരാവകാശികൾക്കു വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിന്നും ആശ്വാസ ധനസഹായത്തിനുള്ള അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധിച്ചതിൽ പ്രസ്തുത അപകടം അബ്ദുൾ ജബ്ബാറിന്റെ ഭാഗത്തു നിന്നും സംഭവിച്ച അശ്രദ്ധ കാരണമുണ്ടായതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം രണ്ടു ലക്ഷം രൂപ അനന്തരാവകാശികൾക്ക് ആശ്വാസ ധനസഹായം 08.09.2023 ന് അനുവദിച്ച് നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | എപ്പോൾ ധനസഹായം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | അനന്തരാവകാശികൾക്കു പ്രസ്തുത ആശ്വാസ ധനസഹായം മാനന്തവാടി ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും എത്രയും വേഗം കൈപ്പറ്റാവുന്നതാണ്. |

സെക്ഷൻ ഓഫീസർ